(സി) 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിലേക്കായി പെൻഷൻ നൽകാൻ ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്രയെന്ന് അറിയിക്കാമോ ; ചെലവാക്കിയതിന്റെ കണക്ക് ലഭ്യമാക്കാമോ ;

(ഡി) മുൻഅംഗങ്ങൾക്ക് അവരുടെ അംഗത്വ കാലാവധിയുടെ തോതനുസരിച്ച് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ത്രിതല പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടില്ല.

(ഡി) എ, ബി പിരിവുകൾക്കുള്ള മറുപടിപ്രകാരം ബാധകമല്ല.

കൊല്ലം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗം

212 (4255) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ പഞ്ചായത്ത് ഫണ്ട്, കൊട്ടാരക്കര നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന എട്ട് പഞ്ചായത്തുകളിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാൻ അനുവദിച്ചിരുന്നുവെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കിലയുടെ റീജിയണൽ സെന്റർ

213 (4256) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഞീഴൂർ പഞ്ചായത്ത് വക 5

LIBRARY ARCHIVES Kerala Legislative Assembly